**"ഭരണഭാഷ മാതൃഭാഷ"**

എ.ഡി (4) 462/2022

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി:24.07.2024

## സർക്കുലർ നം. 02 /2024

**വിഷയം- സഹകരണ വകുപ്പ് - ആഡിറ്റ് ഡയറക്ടറേറ്റ് - കംപ്ലയൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് -മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

കേരള സഹകരണ ഭേദഗതി നിയമം അനുസരിച്ച് സഹകരണ ഓഡിറ്റിംഗ് സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ കൊണ്ടുവരികയും കംപ്ലയൻസ് ഓഡിറ്റ് ഉൾപ്പെടെ സഹകരണ ഓഡിറ്റിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ഓഡിറ്റ് സമ്പ്രദായം ടീം ഓഡിറ്റിലേക്ക് മാറുകയും സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുകയും ഓഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിച്ച് നൽകുകയും ചെയ്യുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിലവിൽ വന്നിരിക്കുന്നു. കൂടാതെ ഓഡിറ്റിൽ കണ്ടെത്തുന്ന ന്യൂനതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും പരിഹരണ റിപ്പോർട്ട് ഫയൽ ചെയ്യുന്നതിനും കേരള സഹകരണ നിയമം വകുപ്പ് 64 (9) പ്രകാരം സംഘം ഭരണസമിതിക്ക് ഉത്തരവാദിത്തം കൽപ്പിച്ച് നൽകിയിട്ടുള്ളതാണ്. ആയത് പരിശോധിക്കേണ്ട ചുമതല വകുപ്പിനും നൽകിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് ന്യൂനതകൾ സമയബന്ധിതമായി പരിഹരിക്കുന്നുണ്ട് എന്ന് നിയമപരമായി ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് കഴിഞ്ഞാൽ സഹകരണ നിയമം ഭേദഗതി വകുപ്പ് 64 (9) പ്രകാരം ഓഡിറ്റ് സർട്ടിഫിക്കറ്റിലെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കണമെന്ന് കാണിച്ച് ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജില്ല ജോയിന്റ് ഡയറക്ടർ/ഡയറക്ടറേറ്റ് നിശ്ചിത പ്രൊഫോർമയിൽ സംഘത്തിന് കത്ത് നൽകേണ്ടതാണ്. (പ്രൊഫോർമ- അനുബന്ധം 1)
- ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള ന്യൂനതകൾ പരിഹരിക്കുവാൻ സംഘം ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ന്യൂനതകളും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട്

സഹിതം സംഘം പൊതുയോഗം മുമ്പാകെ സമർപ്പിക്കേണ്ടതും പരിഹരിക്കാൻ ബാക്കി നിൽപ്പുള്ള ന്യൂനതകൾ പരിഹരിക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പൊതുയോഗം അംഗീകരിച്ച പരിഹരണ നടപടി റിപ്പോർട്ട് പൊതുയോഗ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഓഡിറ്റ്, ഭരണ വിഭാഗം മേധാവികൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

- ടി റിപ്പോർട്ട് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ/ജില്ല ജോയിന്റ് ഡയറക്ടർ സംഘത്തിന്റെ നിലവിലെ ഓഡിറ്റ് ടീം ന് പരിശോധനയ്ക്കായി നൽകേണ്ടതാണ്.

- ടി ന്യൂനതകളിൽ ഓരോ ന്യൂനതയും പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് ടീം പരിശോധിയ്ക്കേണ്ടതും ആയവ കംപ്ലയൻസ് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യാവുന്നതാണോ എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി , ടി റിപ്പോർട്ട് ലഭ്യമായി 15 ദിവസത്തിനകം അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ/ഡയറക്ടേറ്റിന് നൽകേണ്ടതുമാണ്. (പ്രൊഫോർമ- അനുബന്ധം 2)

- ഓഡിറ്റ് ടീം നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് ന്യൂനത പരിഹരണം തൃപ്തികരമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, ആയത് സംബന്ധിച്ച്, അതാത് ഓഡിറ്റ് ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന കംപ്ലയൻസ് രജിസ്റ്ററിൽ, പരിഹരിക്കപ്പെട്ട ഓരോ ന്യൂനതകളുടെ നേരേയും, ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ/അഡീഷണൽ ഡയറക്ടർ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ടി വിവരം സംഘത്തെ അറിയിക്കേണ്ടതുമാണ്. ന്യൂനതപരിഹരണം തൃപ്തികരമല്ലാത്ത പക്ഷം, ടി വിഷയം സംബന്ധിച്ച് ന്യൂനത പരിഹരിക്കാൻ സംഘം എന്ത് നടപടി ആണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച നിർദ്ദേശം സംഘത്തെ രേഖാമൂലം അറിയിക്കേണ്ടതും ആയതിന്റെ പകർപ്പ് ഭരണ വിഭാഗത്തിന് നൽകേണ്ടതുമാണ്.

- സാമ്പത്തിക വർഷം കഴിഞ്ഞും പരിഹരിയ്ക്കപ്പെടാത്ത ന്യൂനതകളുടെ വിവരം ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, അർദ്ധ ഔദ്യോഗിക കത്തായി സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

ഒപ്പ്

ഷെറിൻ എം.എസ് ഐഎ&എഎസ്
ഡയറക്ടർ (സഹകരണ ഓഡിറ്റ് )

പകർപ്പ് -

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. പ്രസിഡന്റ് /സെക്രട്ടറി എല്ലാ സഹകരണ സംഘങ്ങൾക്കും
5. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർമാർക്കും
6. എല്ലാ അപ്പക്സ് ഓഡിറ്റർമാർക്കും
7. എല്ലാ കൺകറന്റ് ഓഡിറ്റർമാർക്കും
8. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും ഇൻസ്പെക്ടർമാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഓഡിറ്റർമാർക്കും (ജോയിന്റ് ഡയറക്ടർമാർ മുഖേന)
10. സ്റ്റോക്ക് ഫയൽ
11. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-1 ന്യൂനത പരിഹരണവുമായി ബന്ധപ്പെട്ട് താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജില്ല ജോയിന്റ് ഡയറക്ടർ/ഡയറക്ടറേറ്റ് സംഘത്തിന് നൽകേണ്ട കത്തിന്റെ മാതൃക**

To,
The President/Secretary
Name of the Society

സർ/മാഡം,

..........................................................(സംഘത്തിന്റെ പേര്) ന്റെ .............. വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള ......... പേജ് മുതൽ ........ വരെയുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റിലെ പാർട്ട് എ/ പാർട്ട് ബി ന്യൂനതകൾ സഹകരണ നിയമം ഭേദഗതി വകുപ്പ് 64 (9) പ്രകാരം സംഘത്തിന്റെ പൊതുയോഗം കൂടി 15 ദിവസത്തിനകം പരിഹരിച്ച് ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജില്ല ജോയിന്റ് ഡയറക്ടർ/അഡീഷണൽ ഡയറക്ടർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്

താലൂക്ക് അസി:ഡയറക്ടർ/
ജില്ല ജോയിന്റ് ഡയറക്ടർ/
ഡയറക്ടറേറ്റ്

പകർപ്പ്:

ജില്ല ജോയിന്റ് രജിസ്ട്രാർ/സഹകരണ സംഘം രജിസ്ട്രാർ

## അനുബന്ധം-2 ന്യൂനത പരിഹരണം സംബന്ധിച്ച് ടീം തയ്യാറാക്കി ബന്ധപ്പെട്ട അധികാരിക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടിന്റെ മാതൃക

| ക്രമ നം | ന്യൂനത(ഓഡിറ്റ് സർട്ടിഫിക്കറ്റിലെ ക്രമ നം സഹിതം) | സംഘത്തിന്റെ മറുപടി | ന്യൂനത പരിഹരിച്ചിട്ടുണ്ടോ? (കാര്യ കാരണ സഹിതമുള്ള വിശദീകരണം) |
|---|---|---|---|
| | | | |
| | | | |
| | | | |